പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 35 11/06/2012 ൽ മറുപടിക്ക്

പി.എസ്.സി. പരീക്ഷകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.അച്ചുതൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പരീക്ഷ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റം വരുത്തുന്നതിലേക്കായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് പി.എസ്.സി. നടത്തുവാനുദ്ദേശിക്കുന്നത്; | (എ) പരീക്ഷ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ചോദ്യബാങ്ക് രൂപീകരിക്കാൻ കമ്മീഷൻ നയപരമായി തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകൾ ഓൺലൈനായി നടത്താൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമെന്ന നിലയിൽ C-Dit നോട് ആയതിലേക്കുള്ള സോഫ്റ്റ്വെയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ 2012 ജൂലായ് മുതൽ ഒ.എം.ആർ രീതിയിലേക്ക് പരിവർത്തനം ചെയ്യാൻ കമ്മീഷൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) ഇതിനായി ക്വസ്റ്റ്യൻ ബാങ്ക്-കം-ഓൺലൈൻ എക്സാമിനേഷൻ സംവിധാനം തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(സി) ഇതിനായി ഇതേവരെ എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) +(സി) ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിനായി വിഷയ വിദഗ്ധരിൽനിന്നും ചോദ്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ സോഫ്റ്റ്വെയർ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷകൾ സെപ്റ്റംബർ അവസാനവാരത്തോടെ പ്രാബല്യത്തിൽ വരുത്താൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ